(ഇ) 1986-ലെ 37-ാം നമ്പർ കേരള കമാന്റ് ഏരിയാ വികസന ആക്ട് സെക്ഷൻ 17 പ്രകാരം ചാരിറ്റബിൾ സൊസൈറ്റി ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്തുകൊണ്ടാണ് ബി.എഫ്.എ.-കൾ രൂപീകരിക്കപ്പെടുന്നത് എന്നതിനാൽ അവയുടെ സംഘാടനവും പ്രവർത്തനവും ഏറ്റെടുത്ത് നടത്തുവാൻ തദ്ദേശ സ്ഥാപനങ്ങളെ ചുതലപ്പെടുത്താവുന്നതല്ല.

ആർട്ടിഫിഷ്യൽ റീ-ചാർജിംഗ് പദ്ധതി

42 [3629] ശ്രീ. ഷിബു ബേബിജോൺ:

" ജോണി നെല്ലൂർ:

" കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭൂജല ബോർഡ് നടപ്പിലാക്കി വരുന്ന "ആർട്ടിഫിഷ്യൽ റീ-ചാർജിംഗ്" കേരളത്തിൽ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശത്താണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി നടത്തുവാൻ സംസ്ഥാനത്തെ ഏതെങ്കിലും സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര സർക്കാർ സഹായം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ഭൂജല ബോർഡ് നടപ്പിലാക്കി വരുന്ന ആർട്ടിഫിഷ്യൽ റീ-ചാർജിംഗ് കേരളത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) കേന്ദ്ര ഭൂജല ബോർഡിന്റെ സഹായത്തോടുകൂടി 2003-04 സാമ്പത്തിക വർഷത്തിൽ മൂന്ന് കൃത്രിമ ഭൂജല സംരക്ഷണ പദ്ധതികൾ ഈ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. അവ;

1. സബ്സ് സർഫസ് ഡാം—മാണിക്കൽ പഞ്ചായത്ത്, തിരുവനന്തപുരം.

2. സബ്സ് സർഫസ് ഡാം—കോമുട്ടിചെള്ള, പുതുശ്ശേരി പഞ്ചായത്ത്, പാലക്കാട്.

3. ചെക്ക് ഡാം—അനിഞ്ഞ, ചെമ്മനാട് പഞ്ചായത്ത്, കാസർഗോഡ്.

LIBRARY ARCHIVES Kerala Legislative Assembly

(2) കൂടാതെ കേന്ദ്ര ഭൂജല ബോർഡ് താഴെപ്പറയുന്ന സ്ഥലങ്ങളിൽ ഭൂഗർഭ അണകൾ നിർമ്മിച്ചിട്ടുണ്ട്.

1. അനംഗനാടി-പാലക്കാട് ജില്ല
2. ഭാവാജി നഗർ-പാലക്കാട് ജില്ല
3. അലനല്ലൂർ-പാലക്കാട് ജില്ല
4. ഓടക്കാലി-എറണാകുളം
5. നിഴൂർ-കോട്ടയം
6. സദാനന്ദപുരം-കൊല്ലം
7. മാമ്പഴക്കര-തിരുവനന്തപുരം
8. അയിലം-തിരുവനന്തപുരം
9. കടപ്പള്ളം-കാസർഗോഡ്
10. ബഗ്ലാംകുളം-കാസർഗോഡ്
11. ചിറക്കുളം-കോട്ടയം

(3) റീചാർജ്ജ് പിറ്റുകൾ

പെരിന്താനം—കോട്ടയം

(4) ടൈഡൽ റെഗുലേറ്റർ

അയന്തിക്കടവ്—തിരുവനന്തപുരം

(5) മഴവെള്ള ശേഖരണ പദ്ധതി

1. മയ്യിൽ ഹരിജൻ കോളനി—കണ്ണൂർ
2. ഏഴിമല—കണ്ണൂർ
3. സിവിൽ സ്റ്റേഷൻ—കാസർഗോഡ്
4. സെക്രട്ടേറിയറ്റ്—തിരുവനന്തപുരം

(6) ചെക്ക് ഡാം

ചുണ്ണാമ്പ്കൽത്തോട്—പാലക്കാട്

(സി) കേന്ദ്ര സർക്കാരിൽനിന്നും പുതിയതായി മൂന്നരക്കോടി രൂപ മൂന്ന് വർഷത്തേക്ക് (2004—2007)-ൽ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നോഡൽ ഏജൻസി ഭൂജല വകുപ്പാണ്. ഈ പദ്ധതി നടപ്പിലാക്കുവാൻ ഏതെങ്കിലും സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര സർക്കാർ സഹായം നൽകുന്നതായി വിവരമൊന്നും ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly